"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്- കൊല്ലം തുറമുഖത്തെ മെയിന്റനൻസ് ഡ്രഡ്ജിംഗ്-ഭരണാനുമതി - റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.33/2026/F&P　　　　　　　തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:-
1. 28/1/2025 ലെ സ.ഉ(സാധാ) 68/2025/മഉവ. നമ്പർ ഉത്തരവ്.
2. കേരള മാരിടൈം ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 13/8/2025 ലെ HOKMB-TVM/297/2024-C3 (Devp) നമ്പർ കത്ത്.

**ഉത്തരവ്**

കൊല്ലം തുറമുഖത്ത് മെയിൻറനൻസ് ഡ്രഡ്ജിങ്ങിലൂടെ ആഴം 7 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിന് 5051-02-200-81- Development of Thankassery Port എന്ന ശീർഷകത്തിൽ 2,93,00,000/- രൂപയ്ക്ക് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകുകയുണ്ടായി.

കൊല്ലം തുറമുഖത്ത് ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തി ആഴം 12 മീറ്റർ ആക്കുന്നതിനുള്ള EIA സ്റ്റഡി നടത്തുന്നതിന് NIIST യെ ചുമതലപ്പെടുത്തിയിരിക്കുകയാ ണെന്നും EIA റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റിന്റെ 50% തുക സാഗർമാല പദ്ധതിയിലൂടെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും ആയതിനാൽ കൊല്ലം തുറമുഖത്ത് ഇപ്പോൾ അനുവദിച്ച തുക ഉപയോഗിച്ച് മെയിൻറനൻസ് ഡ്രഡ്ജിങ് പ്രവർത്തി തൽക്കാലം ആരംഭിക്കേണ്ടതില്ലാത്ത തിനാൽ ഭരണാനുമതി റദ്ദാക്കുവാനുള്ള നടപടികൾ സ്വികരിക്കണമെന്ന് കേരള മാരിടൈം ബോർഡ് സി.ഇ.ഒ പരാമർശം (2) പ്രകാരം അഭ്യർത്ഥിയ്ക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൊല്ലം തുറമുഖത്ത് മെയിൻറനൻസ് ഡ്രഡ്ജിങ്ങിലൂടെ ആഴം 7 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിന് അനുവദിച്ച തുക ഉപയോഗിച്ച് മെയിൻറനൻസ് ഡ്രഡ്ജിങ് പ്രവൃത്തി തൽക്കാലം ആരംഭിക്കേണ്ടതില്ലാത്തതിനാൽ, മെയിൻറനൻസ് ഡ്രഡ്ജിങ്ങിലൂടെ ആഴം 7 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിന് 5051-02-200-81- Development of Thankassery Port എന്ന ശീർഷകത്തിൽ 2,93,00,000/- രൂപ അനുവദിച്ച് നൽകിയ പരാമർശം (1) ലെ ഭരണാനുമതി ഉത്തരവ് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിന്ദു വി കെ
അണ്ടർ സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള മാരിടൈം ബോർഡ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Shajish P
Date: 13-01-2026 11:01:14
സെക്ഷൻ ഓഫീസർ